156/256/18

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 1/7942/2010/സിഇ/തസ്വഭവ തീയതി: 10.05.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - 2016-17 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- സർക്കുലർ നം. ഡിബി 1/7942/2010/സിഇ/തസ്വഭവ, തീയതി: 06.10.2017

2016-17 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സിന്റെ കണക്കുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈ കാര്യാലയത്തിലെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in - ന്റെ "Proforma Page" - ൽ പ്രസിദ്ധീകരിച്ചിട്ടുള്ള google sheet proforma P-1012/1013 -ൽ രേഖപ്പെടുത്തുന്നതിന് സൂചന സർക്കുലർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

എന്നാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ടി വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല, ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപൂർണ്ണമായതും, തെറ്റായതുമായ വിവരങ്ങളാണ് രേഖപ്പെടുത്തി സമർപ്പിച്ചിട്ടുള്ളതെന്ന് ഈ കാര്യാലയത്തിൽ നിന്നും പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സർക്കാരിലേയ്ക്ക് ഈ വകുപ്പിൽ നിന്നും കൃത്യവും പൂർണ്ണവുമായ വിവരങ്ങളാണ് സമർപ്പിക്കേണ്ടത്. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ കാര്യാലയങ്ങളിൽ നിന്നും കൃത്യമായ വിവരങ്ങൾ സമർപ്പിക്കാത്തതിനാൽ ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

ടി വിവരങ്ങൾ അടിയന്തിരമായി തന്നെ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരിക്കുകയാണ്. ആയതിനാൽ, എല്ലാ തസ്വഭവ (ഇ.ഡബ്ല്യൂ) കാര്യാലയങ്ങളിൽ നിന്നും 14.05.2018-ാം തീയതി (തിങ്കൾ) - യ്ക്ക് മുൻപായി തന്നെ കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം. പൂർണ്ണമായ വിവരങ്ങൾ മുൻപ് തന്നെ സമർപ്പിച്ചിട്ടുള്ള കാര്യാലയങ്ങൾ ടി വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള കൃത്യമായ വിവരങ്ങൾ സമയബന്ധിതമായി Google sheet proforma - ൽ രേഖപ്പെടുത്തുന്നുണ്ടെന്ന് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്. മുനിസിപ്പാലിറ്റികളിൽ നിന്നുള്ള വിവരങ്ങൾ കൃത്യമായും സമയബന്ധിതമായും Google sheet proforma - ൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു. അതാത് കാര്യാലയങ്ങളിൽ നിന്നും രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യതയുടെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേലധികാരിയ്ക്കാണ്.

ചീഫ് എഞ്ചിനീയർ

എസ്.എ/